# വിശുദ്ധ ലൂക്കായുടെ സുവിശേഷം

## ആമുഖം

വിശുദ്ധ ലൂക്കാസുവിശേഷകൻ അന്ത്യോക്യയിൽ വിജാതീയ മാതാപിതാക്കളിൽനിന്നു ജനിച്ചു. വിശുദ്ധ പൗലോസിൻെറ സ്നേഹിതനായിരുന്നു അദ്ദേഹം (കൊളോ 4,14). പൗലോസിൻെറ രണ്ടാമത്തെയും (അപ്പ 16,10.11) മൂന്നാമത്തെയും (അപ്പ 20,5-8) പ്രേഷിതയാത്രകളിലും റോമിലെ കാരാഗൃഹവാസകാലത്തും (അപ്പ 27,1; 28,16; 2 തിമോ 4,11; ഫിലെ 24; കൊളോ 4,10-11) ലൂക്കാ കൂടെയുണ്ടായിരുന്നു. ഇക്കാരണങ്ങളാൽ, വിജാതീയരുടെ ഇടയിലേക്ക് വളർന്നുവികസിച്ചുകൊണ്ടിരുന്ന സഭയുടെ ആവശ്യങ്ങൾ മനസിലാക്കാൻ മറ്റാരെയുംകാൾ ലൂക്കായ്ക്കു കഴിയുമായിരുന്നു. സുവിശേഷത്തിന്റെ ആദ്യവാക്യങ്ങളിൽത്തന്നെ (1,1-4) സുവിശേഷകന്റെ ലക്ഷ്യം വ്യക്തമായി അവതരിപ്പിച്ചിട്ടുണ്ട്. എ.ഡി. 70-നു ശേഷം ഗ്രീസിൽവച്ച് ഈ സുവിശേഷം വിരചിതമായി എന്നു കരുതപ്പെടുന്നു.

### I. **ലൂക്കിനെക്കുറിച്ച്**

#### A. **ആന്റി - മാർസിയോൺ രേഖ പറയുന്നത്:**

1. സിറിയായിലെ അന്ത്യോക്യായിൽ നിന്നുള്ള വ്യക്തി

2. ഒരു വൈദ്യൻ

3. പൗലോസിന്റെ ശിഷ്യൻ

4. അക്കായിയായിൽ എഴുതി

5. 84ൽ ഗ്രീസിൽ മരിച്ചു

#### B. **കേസറിയായിലെ ഔസേബിയൂസ് (a.d. 275-339) പറയുന്നത്:**

1. അന്ത്യോക്യായിൽനിന്നുള്ള വ്യക്തി

2. പൗലോസിന്റെ സഹയാത്രികൻ

3. സുവിശേഷവും അപ്പസ്തോലപ്രവർത്തനങ്ങളും എഴുതി

### II. **തെയോഫിലോസിന് സമർപ്പിച്ചിരിക്കുന്നു: ആരാണ് തെയോഫിലോസ്?**

1. ഒരു റോമൻ അധികാരി - ശ്രേഷ്ഠനെന്ന് (ലൂക്കാ 1,3) ലെ പദവി റോമാധികാരിയായ ഫെലിക്സിനും നല്കുന്നുണ്ട്. (ഫേസ്തൂസ്) ഒപ്പം (അപ്പ 26:25).

2. ലൂക്കായെ സുവിശേഷം എഴുതാൻ സഹായിച്ച ഒരു പണക്കാരനായ വ്യക്തിയാകാം. യഹൂദരും ഗ്രീക്കുകാരും സ്വീകരിച്ചിരിക്കുന്ന ഒരു പൊതുനാമമാണ് തെയോഫിലോസ്.

3. ഈ പേരിന്റെ അർത്ഥം ദൈവം സ്നേഹിച്ചവൻ എന്നാണ്. അതിനാൽ ഏതെങ്കിലും ഒരു ക്രിസ്ത്യാനിയാകാം.

### III **ലൂക്കാ സുവിശേഷത്തിൽ മാത്രം കാണുന്ന അദ്ഭുതങ്ങൾ**

1. നായിനിലെ വിധവയുടെ മകനെ പുനർജീവിപ്പിക്കുന്നു. ലൂക്കാ 7,12-17

2. കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തുന്നു. ലൂക്കാ 13,10-17

3. മഹോദരരോഗിയെ സുഖപ്പെടുത്തുന്നു. ലൂക്കാ 14,1-6

4. പത്തു കുഷ്ഠരോഗികൾ. ലൂക്കാ 17,11-18

## IV ലൂക്കാ സുവിശേഷത്തിൽ മാത്രം കാണുന്ന ഉപമകൾ

1. നല്ല സമരിയാക്കാരന്റെ ഉപമ. ലൂക്കാ 10,25-37

2. പ്രാർഥനയുടെ ശക്തി. ലൂക്കാ 11,5-13

3. ഭോഷനായ ധനികൻ. ലൂക്കാ 12,13-21

4. കാണാതായ നാണയത്തിന്റെ ഉപമ. ലൂക്കാ 15,8-10

5. ധൂർത്തപുത്രന്റെ ഉപമ. ലൂക്കാ 15,11-32

6. അവിശ്വസ്തനായ കാര്യസ്ഥൻ. ലൂക്കാ 16,1-8

7. ധനവാനും ലാസറും. ലൂക്കാ 16,19-31

8. ന്യായാധിപനും വിധവയും. ലൂക്കാ 18,1-8

9. ഫരിസേയനും ചുങ്കക്കാരും

## V ലൂക്കാ സുവിശേഷത്തിൽ മാത്രം കാണുന്ന മറ്റു പ്രധാന സംഭവങ്ങൾ

1. ലൂക്കാ 12,39-46

2. ലൂക്കാ 14,16-24 വിരുന്നിന്റെ ഉപമ, മത്താ 22:2-14 വിവാഹവിരുന്നിന്റെ ഉപമ

3. ലൂക്കാ 19,11-27 പത്ത് നാണയത്തിന്റെ ഉപമ, മത്താ 25,14-30 താലന്തുകളുടെ ഉപമ

4. ലൂക്കാ 19,1-10 സക്കേവൂസിന്റെ  വനത്തിൽ

5. ലൂക്കാ 23,8-12 ഹേറോദേസിന്റെ മുമ്പിൽ

6. ലൂക്കാ 24,13-32 എമ്മാവൂസിലേക്കുപോയ ശിഷ്യന്മാർ

## VI ജറുസലേമിലേക്കുള്ള യാത്ര

(ലൂക്കാ 9:51; 13:22,33; 17:11; 18:31; 19:11,28) ലൂക്കായുടെ പ്രത്യേക പ്രമേയമാണ്. (ലൂക്കാ 9,51-18,14) സമരിയാക്കാരുടെ തിരസ്കാരത്തിനുശേഷം യേശു ജറുസലേമിലേക്കുള്ള യാത്രയിലാണ്.

**ഘടന:** 1,1-2,52: ബാലകാല വിവരണം | 3,1-4,13: ശുശ്രൂഷയ്ക്കുള്ള ഒരുക്കം | 4,14-9,50: ഗലീലിയിലെ ശുശ്രൂഷ | 9,51-19,46: ജറുസലേമിലേക്കുള്ള യാത്ര | 19,47-21,38: ജറുസലേമിലെ ശുശ്രൂഷ | 22,1-24,53: പീഡാനുഭവവും മഹത്ത്വീകരണവും.

**വിശകലനങ്ങൾ:**

**9,9: അവനെ കാണാൻ ഹേറോദേസ് അന്വേഷിച്ചുകൊണ്ടിരുന്നു:** യേശുവിനെ കാണാനുള്ള ഹേറോദേസിന്റെ ആഗ്രഹം (9; 13,31-33) അവിടത്തെ അന്ത്യവിസ്താരംവരെ (23,8-12) സാക്ഷാത്കരിക്കപ്പെട്ടില്ല.

**9,10-17:** ഉത്ഥാനം ഒഴികെ നാലു സുവിശേഷങ്ങളും വിവരിക്കുന്ന ഈ ഏക അദ്ഭുതം പഴയനിയമത്തിലെ അദ്ഭുതങ്ങളുടെ അനുസ്മരണവും ദിവ്യകാരുണ്യമെന്ന അദ്ഭുതത്തിന്റെ സൂചനയുമാണ്. ദൈവരാജ്യത്തെ വലിയൊരു വിരുന്നായി വിവരിക്കുന്ന ലൂക്കായിലെ പ്രമേയത്തോട് ഇതു ബന്ധപ്പെട്ടിരിക്കുന്നു (13,29-30; 14,7-14; 19,24). ഈ രക്ഷാദായകവിരുന്ന് ആദ്യം ആഘോഷിക്കുന്നത് അന്ത്യഅത്താഴത്തിലും (22,14-23) പിന്നീട് സ്വർഗത്തിലും (വെളി 19,7-9) ആണ്. മർക്കോ 6,35-44.

**9,10 ബേത്സൈദാ:** ഹേറോദ് ഫിലിപ്പിന്റെ ഭരണാതിർത്തിയിലായിരുന്ന (3,1) ഗലീലിക്കടലിന്റെ വടക്കൻതീരത്തുള്ള ഒരു മത്സ്യബ

സ്ഡനപട്ടണം. പത്രോസ്, അന്ത്രയോസ്, പീലിപ്പോസ് എന്നീ അപ്പസ്തോലന്മാരുടെ നാടായിരുന്നു അത് (യോഹ 1,44; 12,21). തന്നെ തിരസ്കരിച്ചതിന് യേശു ഈ നഗരത്തെ പിന്നീട് ശപിക്കുന്നുണ്ട് (10,13).

**9,16: ... എടുത്ത്:** ഈ പദപ്രയോഗം വിശുദ്ധ കുർബാന സ്ഥാപനവിവരണത്തെ (22,19) അനുസ്മരിപ്പിക്കുന്നു. മത്താ 14,19.

**9,18-22:** മർക്കോ 8,27-33-നെ ആധാരമാക്കി ലൂക്കാ രചിച്ച ഈ വിവരണത്തിൽ യേശുവിന്റെ സഹനങ്ങളോടുള്ള പത്രോസിന്റെ വിയോജിപ്പും (മർക്കോ 8,32) പത്രോസിന് യേശുവിൽ നിന്ന് ഏല്ക്കേണ്ടണ്ടിവരുന്ന ശാസനയും (8,33) ഒഴിവാക്കിയിട്ടുണ്ട്.

**9,26 മഹത്ത്വത്തിൽ വരുമ്പോൾ:** ലോകത്തിന്റെ സ്വർഗീയവിധിയാളനായി യേശു നിയമിക്കപ്പെട്ടിരിക്കുന്നു (മത്താ 25,31-46; 2 കോറി 5,10). അവിടത്തോടു താദാത്മ്യം പ്രാപിക്കാൻ തയ്യാറുള്ളവർ രക്ഷിക്കപ്പെടും; അവനെക്കുറിച്ച് ലജ്ജിക്കുന്നവരാകട്ടെ, പിതാവിന്റെ സന്നിധിയിൽ തിരസ്കരിക്കപ്പെടും (2 തിമോ 2,11-13) മർക്കോ 8,38.

**9,27 ദൈവരാജ്യം കാണുന്നതിനു മുമ്പ്:** തന്റെ സമകാലീനരുടെ ജീവിതകാലത്തുതന്നെ അവിടത്തെ രാജ്യം സമാഗതമാകുമെന്ന് യേശു വ്യക്തമാക്കുന്നു. ഇത് പഴയ ഉടമ്പടിപ്രകാരമുള്ള രാജ്യത്തിന്റെ കാലഹരണവും (എ.ഡി 70-ലെ ജറുസലേമിന്റെ നാശം; 21,31.32) പുതിയതിന്റെ ആധികാരികസ്ഥാപനവും (സഭയുടെ പിറവി; 22,28-30) സൂചിപ്പിക്കുന്നു.

**9,28-36:** രൂപാന്തരണവിവരണം പീഡാനുഭവത്തിന്റെയും ഉത്ഥാനത്തിന്റെയും ആദ്യപ്രവചനത്തിനു തൊട്ടുപിന്നാലെ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് യേശുവിന്റെ പീഡാസഹനം മഹത്ത്വത്തിൽ കലാശിക്കുമെന്നതിനുള്ള (32) സ്വർഗത്തിന്റെ സ്ഥിരീകരണമായി കാണാം. മത്താ 17,1-8; മർക്കോ 9,2-8. ത്രിവിധ പ്രാധാന്യമാണ് രൂപാന്തരണത്തിനുള്ളത്: 1) യേശുവിന്റെ ഒന്നാം പീഡാനുഭവപ്രവചനം (9,22) ശിഷ്യരിൽ ഉളവാക്കിയ നടുക്കം മറികടക്കാൻ സഹായിക്കുന്നു; 2) പിതാവിന്റെ സ്വരം, എന്റെ പുത്രൻ, മേഘം എന്നിവ ഒരുപക്ഷേ, പരിശുദ്ധത്രിത്വത്തിന്റെ സാന്നിധ്യം പ്രകടമാക്കുന്നു; 3) യേശു നിയമത്തെയും (മോശ) പ്രവാചകൻമാരെയും (ഏലിയാ) പൂർത്തിയാക്കുന്നവനാണെന്ന് സ്ഥാപിക്കുന്നു.

**9,28: പ്രാർഥിക്കാൻ മലയിലേക്കു കയറി:** ലൂക്കാ പ്രാർഥിക്കുവാനുള്ള സ്ഥലമായി മലയെ പരിചയപ്പെടുത്തുന്നുണ്ട് (6,12; 22,39-41). ലോകത്തിൽനിന്ന് അകലുന്നതിന്റെയും സ്വർഗീയപിതാവുമായി അടുക്കുന്നതിന്റെയും പ്രതീകമാണ് മല.

**9,31: അവന്റെ പുറപ്പാട്:** 'എക്സോദോസ്' എന്ന ഗ്രീക്കുപദം ഈജിപ്തിൽനിന്നും വാഗ്ദത്തഭൂമിയിലേക്കുള്ള ഇസ്രായേൽ ജനത്തിന്റെ പുറപ്പാടിനെ സൂചിപ്പിക്കുന്നതാണ്. ജറുസലേമിൽവച്ചു നടക്കേണ്ട മരണം, ഉത്ഥാനം, സ്വർഗാരോഹണം എന്നിവയാണ് യേശുവിന്റെ പുറപ്പാട്.

**9,32: അവർ ... അവന്റെ മഹത്ത്വം ദർശിച്ചു:** ദൈവത്തിനുചേർന്ന മഹത്ത്വം (24,26). യേശുവിന്റെ ഭാവത്തിലും വസ്ത്രത്തിലും മാറ്റം സ്പഷ്ടമായി (9,29). സീനായ്മലയിൽ ദൈവത്തിന്റെ മഹത്ത്വത്തിനു സാക്ഷ്യം വഹിക്കുകയും 'അവിടത്തെ സ്വരം ശ്രവിക്കുകയും' ചെയ്ത ഇസ്രായേല്യരുടേതിനു സമാനമാണ് മൂന്നു ശിഷ്യന്മാരുടെ അനുഭവം (നിയ 5,24).

**9,33: ഞങ്ങൾ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കട്ടെ:** രൂപാന്തരണ വേളയിൽ പത്രോസ് അനുഭവിക്കുന്നത് വിളവെടുപ്പു മഹോത്സവമായ കൂടാരത്തിരുനാളിന്റെ ആനന്ദാതിരേകമാണ്.

**9,35: എന്റെ പുത്രൻ, എന്റെ തിരഞ്ഞെടുക്കപ്പെട്ടവൻ:** യേശുവിന്റെ ദൈവപുത്രത്വത്തിന്റെ അനേകം പ്രഖ്യാപനങ്ങളിൽ ഒന്ന് (3,22; 4,41; 8,28). ഏശ 42,2-7-ൽ അടിച്ചമർത്തപ്പെട്ടവർക്ക് ആശ്വാസവും സകല ജനങ്ങൾക്കും നീതിയും കൊണ്ടുവരുന്ന ആത്മാഭിഷിക്തനായ കർത്താവിന്റെ ദാസനെക്കുറിച്ചുള്ള പരാമർശം പിതാവിന്റെ വാക്കുകളിൽ (cf. ഏശ 42,1) പ്രതിധ്വനിക്കുന്നു. ഗലീലിയിലെ പരസ്യശുശ്രൂഷയാരംഭിക്കുന്നതിനുമുമ്പ് എന്നപോലെ (ലൂക്കാ 3,22), വിധിയുടെ നഗരമായ ജറുസലേമിലേക്കുള്ള (51) യാത്ര ആരംഭിക്കുന്നതിനുമുമ്പും സ്വർഗത്തിൽ നിന്നുള്ള സ്വരം കേൾക്കുന്നു. **ഇവനെ ശ്രവിക്കുവിൻ:** മോശയെപ്പോലുള്ള പ്രവാചകനെ ഇസ്രായേൽജനം ശ്രവിക്കണമെന്ന നിയ 18,15-ലെ കല്പനയ്ക്കു തുല്യമാണിത്. നിയമത്തെയും പ്രവാചകരെയും പ്രതിനിധാനം ചെയ്യുന്ന മോശയെയും ഏലിയായെയുമല്ല, മറിച്ച്, യേശുവിനെയാണ് ഇപ്പോൾ ശ്രവിക്കേണ്ടത് (അപ്പ 3,22). ലൂക്കാ 3,22.

**9,37-43:** മർക്കോ 9,14-29.

**9,41: വഴിപിഴച്ച തലമുറ:** നിയമാവർത്തനത്തിലെ മോശയുടെ ഗീതത്തിൽനിന്ന് (നിയ 32,1-43) സ്വീകരിച്ചിരിക്കുന്ന ഒരു പദപ്രയോഗം (32,5.20). ഇസ്രായേലിന്റെ ഭാവിപരാജയങ്ങൾ പ്രവചിക്കുകയും അവരുടെ അവിശ്വസ്തതയ്ക്ക് അവരെ മുൻകൂട്ടി കുറ്റപ്പെടുത്തുകയും ചെയ്ത മോശയുടെ വാക്കുകൾ കടമെടുത്ത് യേശു സ്വന്തം തലമുറയെ കുറ്റപ്പെടുത്തി. മത്താ 12,43-45.

**9,46-50:** ക്രിസ്തീയശിഷ്യത്വത്തിനു വിരുദ്ധമായ രണ്ടു നിലപാടുകളാണിവ. പുറത്തുള്ളവരോട് ശത്രുതയും അസഹിഷ്ണുതയും പാടില്ലെന്നു സൂചന.

**9,51: തന്റെ ആരോഹണത്തിന്റെ ദിവസങ്ങൾ:** യേശുവിന്റെ കുരിശുമരണം, ഉയിർപ്പ്, സ്വർഗാരോഹണം എന്നിവയുടെ സൂചന (അപ്പ 1,2.11). മോശയും ഏലിയായും സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ടെന്നും അവരിരുവരും തങ്ങളുടെ ചൈതന്യത്തിന്റെ ഒരു പങ്ക് തങ്ങളുടെ പിൻഗാമികൾക്കു നല്കിയെന്നും ഒരു യഹൂദപാരമ്പര്യമുണ്ട് (നിയ 34,9; 2 രാജാ 2,9-15). യേശു മഹത്ത്വത്തിലേക്ക്

ആരോഹണം ചെയ്യുമ്പോൾ അവിടത്തെ ആത്മാവിനെ തന്റെ അനുയായികളിലേക്കു വർഷിക്കും (അപ്പ 1,8.9). **അവൻ ... തീരുമാനിച്ചുറച്ചു:** 'മുഖം ഉറപ്പിച്ചു' എന്ന് വാച്യാർഥമുള്ള ഗ്രീക്കുപ്രയോഗത്തിന്റെ പരിഭാഷ.

**9,52: സമരിയാക്കാർ:** ജോർദാൻനദിക്കു പടിഞ്ഞാറായി യൂദയായ്ക്കും ഗലീലിയയ്ക്കും മധ്യേയുള്ള പ്രദേശമായിരുന്നു സമരിയാ. വംശീയവും മതപരവുമായ കാരണങ്ങളാൽ യഹൂദരും സമരിയാക്കാരും തമ്മിൽ കടുത്ത ശത്രുത നിലനിന്നിരുന്നു (യോഹ 4,9).

**9,54:** കർത്താവേ, ഏലിയാ ചെയ്ത പോലെ, സ്വർഗത്തിൽനിന്ന് അഗ്നിയിറങ്ങിവന്ന് ഇവരെ നശിപ്പിക്കട്ടേ? എന്നു ചില കൈയെഴുത്തുപ്രതികളിൽ കാണുന്നു (2 രാജാ 1,9-16).

**9,62 പിന്തിരിഞ്ഞു നോക്കുന്ന:** ദൈവരാജ്യത്തിനായുള്ള സമർപ്പണം മറ്റൊരവസരത്തിലേക്കു മാറ്റിവയ്ക്കുന്നത് അതിനെ നിരസിക്കുന്നതിനു തുല്യമാണ്. തന്നെ പിൻതുടരുന്നതിനുമുമ്പ് മാതാപിതാക്കൾക്കു വിടവാങ്ങൽചുംബനം നല്കാൻ എലീഷായെ ഏലിയാ അനുവദിച്ചു (1 രാജാ 19,19-21). യേശുവിന്റെ ശിഷ്യത്വം അതിലേറെ അടിയന്തരസ്വഭാവമുള്ളതാണ്.

**10,1-12:** ലൂക്കായിൽ മാത്രം കാണുന്നതാണ് ഈ രണ്ടാമത്തെ പ്രേഷിതയാത്ര. മർക്കോ 6,6-13-നെ ആധാരമാക്കിയുള്ള ലൂക്കാ 9,1-6 -ലെ പ്രഥമപ്രേഷിതയാത്രയിൽ അയയ്ക്കപ്പെടുന്നത് 12 പേരാണെങ്കിൽ, Q വിവരണത്തെ ആധാരമാക്കിയുള്ള 10,1-12-ലാകട്ടെ, 72 പേരാണ് അയയ്ക്കപ്പെടുന്നത്. ലൂക്കായുടെ കാലഘട്ടത്തിലുള്ള ക്രൈസ്തവപ്രേഷിതത്വത്തെയാണ് 72 പേർ പ്രതിനിധാനം ചെയ്യുന്നത്. യേശുവിനും അവിടത്തെ ദൗത്യത്തിനും സാക്ഷികളാകാൻ വേണ്ടിയാണ് ഇരുകൂട്ടരും അയയ്ക്കപ്പെടുന്നത്. നാലാം വാക്യത്തിൽ 72 പേരോടുമായി പറഞ്ഞത് 22,35-ൽ 12 പേരോടുമായി പറഞ്ഞതായാണു സൂചന.

**10,1: എഴുപത്തിരണ്ടുപേർ:** ചില അലക്സാൺഡ്രിയൻ, കേസറിയൻ കൈയെഴുത്തുപ്രതികളിൽ എഴുപത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സുപ്രധാന അലക്സാൺഡ്രിയൻ-പാശ്ചാത്യ കൈയെഴുത്തുപ്രതികളിലാകട്ടെ 72 എന്നു തന്നെയാണുള്ളത്. 70 മൂപ്പന്മാരെ ഇസ്രായേലിൽ നേതാക്കന്മാരായി നിയോഗിച്ച മോശയുടെ ശൈലിയിലാണ് (സംഖ്യ 11,24.25) യേശു തന്റെ പ്രേഷിതയത്നം ക്രമപ്പെടുത്തുന്നത്. യഹൂദന്യായാധിപസംഘമായ സാൻഹെദ്രിന്റെ 71 അംഗങ്ങൾ മുമ്പേതന്നെ മാതൃകയാക്കിയിരുന്നതു മോശയുടെയും 70 ശ്രേഷ്ഠന്മാരുടെയും നേതൃത്വസംവിധാനമാണ്. 70 എന്ന സംഖ്യ ഉൽപ 10-ൽ വിവരിക്കുന്ന പുരാതനലോകത്തിലെ 70 രാജ്യങ്ങളെ സൂചിപ്പിക്കുന്നതുമാകാം. അങ്ങനെ 70 ശിഷ്യരുടെ പ്രേഷിതശുശ്രൂഷ രാഷ്ട്രങ്ങളുടെ ഇടയിലുള്ള സഭയുടെ ദൗത്യത്തെ ദ്യോതിപ്പിക്കുന്നു (24,47). **രണ്ടുപേരെ വീതം:** ആദിമസഭയിൽ പ്രതിഫലിച്ചിരുന്ന ഒരു പ്രേഷിതസമ്പ്രദായം (അപ്പ 8,14; 15,39.40).

**10,2: വിളവ്:** ദൈവരാജ്യത്തിലേക്കു ശേഖരിക്കപ്പെടാനായി ഒരുങ്ങിനില്ക്കുന്ന ദൈവജനം (മത്താ 9,37; യോഹ 4,35). ഏശ 27,12 .13-ലെ സമാനമായ രൂപകം, നാടുകടത്തപ്പെട്ട ഇസ്രായേലിന്റെ പുനഃസ്ഥാപനത്തെ ധാന്യവിളവെടുപ്പായി ചിത്രീകരിക്കുന്നു.

**10,4: മടിശ്ശീലയോ ... ആരെയും അഭിവാദനം ചെയ്യുകയുമരുത്:**

ദൗത്യത്തിന്റെ അടിയന്തരസ്വഭാവവും അതിനാവശ്യമായ ഏകാഗ്രതയും സൂചിപ്പിക്കുന്നു. അടിയന്തരദൗത്യവുമായി തന്റെ ദാസനെ അയച്ചപ്പോൾ എലീഷാ സമാനമായ നിർദേശങ്ങൾ നല്കി (2 രാജാ 4,29).

**10,5: ഈ വീടിന് സമാധാനം:** മത്താ 10,13.

**10,7: വേലക്കാരൻ കൂലിക്ക് അർഹനാണല്ലോ:** സുവിശേഷത്തിന്റെ ശുശ്രൂഷകരെ വിശ്വാസികളുടെ സമൂഹം പിൻതാങ്ങണം. അവിഭാജ്യമായ ശ്രദ്ധയോടെ സുവിശേഷവേല ചെയ്യുവാൻ ഇത് അവരെ അനുവദിക്കും (1 കോറി 9,14; 1 തിമോ 5,18).

**10,13-16:** അനുതപിക്കുവാനുള്ള ആഹ്വാനം ദൈവരാജ്യപ്രഘോഷണത്തിന്റെ ഭാഗമാണ്. ഈ ആഹ്വാനം ശ്രവിച്ചിട്ടും അതു തള്ളിക്കളയുന്നവർക്കുള്ള ശിക്ഷ കടുത്തതായിരിക്കുമെന്നാണ് സൂചന.

**10,13: കൊറാസീൻ, ബേത്സൈദാ:** യേശുവിന്റെ സന്ദേശം നിരാകരിച്ച രണ്ടു ഗലീലിപട്ടണങ്ങൾ. **ടയിർ, സിദോൻ:** മെഡിറ്ററേനിയൻ തീരത്തുള്ള രണ്ടു വിജാതീയപട്ടണങ്ങൾ. ഗലീലിയിലെ ജനങ്ങളിൽനിന്നു വ്യത്യസ്തമായി ഈ പട്ടണങ്ങളിലുള്ളവർക്കു നേരിട്ട് യേശുവിനെ കേൾക്കാനോ വിശ്വസിക്കാനോ ഉള്ള അവസരമില്ലായിരുന്നു.

**10,15: കഫർണാം:** യേശുവിന്റെ ഗലീലിയിലെ വസതി. യേശുവിന്റെ പ്രവൃത്തികൾ കാണാനും അവിടത്തെ പ്രബോധനങ്ങൾക്കു പ്രത്യുത്തരമേകാനും മതിയായ അവസരങ്ങൾ ഉണ്ടായിരുന്നിട്ടും പട്ടണവാസികൾ അവിടത്തെ തള്ളിക്കളഞ്ഞു. **പാതാളം:** മരിച്ചവരുടെ താവളം (അപ്പ 2,27.31). സ്വർഗത്തിനെതിരായ പദമെന്ന രീതിയിലാണ് ഇതു പ്രയോഗിച്ചിരിക്കുന്നത്. മത്താ 11,23.

**10,18: സാത്താൻ ... നിപതിക്കുന്നത് ഞാൻ കണ്ടു:** 72 പേരുടെ ദൗത്യത്തിന്റെ പ്രതീകാത്മകഫലം. ദൈവരാജ്യം ഘട്ടംഘട്ടമായി സ്ഥാപിതമാകുന്നതോടെ പിശാചിന്റെ എല്ലാ തന്ത്രങ്ങളും പരാജയപ്പെടുകയാണ്; മനുഷ്യകുലത്തിന്റെ മേലുള്ള അവന്റെ ആധിപത്യം അവസാനിക്കുകയാണ് (11,20; 13,16; വെളി 12,7-9).

**10,30: ജറുസലേമിൽ നിന്ന് ജെറീക്കോയിലേക്ക്:** കിഴക്കോട്ട് ഏകദേശം 3200 അടി താഴ്ചയിലേക്ക് 27 കിലോമീറ്റർ നീളുന്ന യാത്ര. അതിന്റെ ദുർഘടമായ ഭൂപ്രകൃതി ഇതിനെ കവർച്ചക്കാരുടെയും കള്ളൻമാരുടെയും വിഹാരരംഗമാക്കി.

**10,35: രണ്ടു ദനാറ:** രണ്ടു ദിവസത്തെ കൂലി. അനേകം നാളുകളിലെ സത്രച്ചെലവിന് അതു മതിയാകും.

**10,38: ഒരു ഗ്രാമം:** ജറുസലേമിനു സമീപം (യോഹ 11,1) ലാസറിന്റെ ഭവനം സ്ഥിതിചെയ്യുന്ന ബഥനി.

**11,3: അന്നന്നുവേണ്ട:** ബൈബിളിലെ അപൂർവപദമായ 'എപ്പിഊസിയോസ്' (ലൂക്കാ 11,3; മത്താ 6,11). ഇതിന് അനുദിനം, നിലനില്പിന് അവശ്യം വേണ്ടത്, നാളേക്കുള്ളത് എന്നീ അർഥസാധ്യതകളുണ്ട്. മത്താ 6,11.

**11,11:** നിങ്ങളിൽ ഏതു പിതാവാണ് മകൻ അപ്പം ചോദിച്ചാൽ അതിനുപകരം കല്ലുകൊടുക്കുക? മീൻ ചോദിച്ചാൽ അതിനുപകരം പാമ്പിനെ കൊടുക്കുക? എന്നു ചില കൈയെഴുത്തുപ്രതികളിൽ.

**11,13: പരിശുദ്ധാത്മാവ്:** പരമ്പരാഗതമായ യേശുസൂക്തങ്ങളിൽ ലൂക്കായുടെ കൂട്ടിച്ചേർക്കലാണിത് (മത്താ 7,11). ഒരു ക്രിസ്തുശിഷ്യന്റെ പ്രാർഥനയ്ക്കുള്ള പിതാവായ ദൈവത്തിന്റെ മറുപടി പരിശുദ്ധാത്മാവാണെന്ന് ലൂക്കാ പറയുന്നു. പരിശുദ്ധാത്മാവിലൂടെ അവിടന്ന് തന്റെ മക്കളെ വിശുദ്ധീകരിക്കുകയും ക്രിസ്തു കൈവരിച്ച രക്ഷയുടെ കൃപകൾ നല്കുകയും ചെയ്യുന്നു (റോമാ 8,14-17; 1 കോറി 12,4-11; ഗലാ 5,22). ശിഷ്യരുടെമേൽ പെന്തക്കൊസ്താദിനത്തിൽ പരിശുദ്ധാത്മാവ് വർഷിക്കപ്പെട്ടു (അപ്പ 2,1-4).

**11,15: ബേൽസെബൂൽ:** സാത്താനെ അവജ്ഞയോടെ വിളിക്കുന്ന ഒരു വാക്ക്. എക്രോണിൽ ആരാധിക്കപ്പെട്ടിരുന്ന ബേൽസെബൂബിന്റെ ('ഈച്ചകളുടെ നാഥൻ' എന്നർഥം) വിഗ്രഹവുമായി ബന്ധപ്പെട്ടിരിക്കുന്നു. മട്ടുപ്പാവിൽനിന്നു വീണുകിടപ്പിലായ അഹസിയാരാജാവ് രോഗസൗഖ്യത്തിനായി ഈ വിഗ്രഹത്തെ ആശ്രയിച്ചു (2 രാജാ 1,2-6). മത്തായി 10,25.

**11,19: നിങ്ങളുടെ പുത്രന്മാർ:** യഹൂദർക്കിടയിൽ ദൈവശക്തിയാൽ ഭൂതോച്ചാടനം നടത്തുന്നവരെക്കുറിച്ച് അപ്പ 19,13-20-ൽ പരാമർശമുണ്ട്. തന്റെ പ്രവൃത്തിയെ സാധൂകരിക്കാൻ അവരുടെ ഉദാഹരണം യേശു ഉപയോഗിക്കുന്നു. മത്തായി 12,27.

**11,20: ദൈവത്തിന്റെ വിരൽ:** അതായത് പരിശുദ്ധാത്മാവ് (മത്താ 12,28). പുറ 8,19-ൽ സമാനമായ പ്രയോഗമുണ്ട്. യാഹ്‌വേയുടെ ശക്തി തങ്ങളുടെ മന്ത്രശക്തിയെ അതിശയിച്ചിരിക്കുന്നെന്ന് ഫറവോയുടെ മന്ത്രവാദികൾ ഒടുവിൽ ഏറ്റുപറഞ്ഞു. തന്റെ കാലത്തെ ദുർമന്ത്രവാദികളുടേതിനെക്കാൾ ഉന്നതമായ ശക്തി യേശു കൈയാളുന്നെന്നു സൂചന. ലൂക്കാ 4,36.

**11,26: അവസാനത്തെ അവസ്ഥ:** cf. 2 പത്രോ 2,20-22. മത്താ 12,44-46.

**11,29-32:** ***യോനായും സോളമനും:*** വിജാതീയർക്കു ദൈവവചനം എത്തിച്ചവരാണ് ഇരുവരും: യോനാ, നിനെവേയിലെ അസ്സീറിയാക്കാർക്കും (യോനാ 3) സോളമൻ, ഷീബാരാജ്ഞിക്കും (1 രാജാ 10). അവർ സകല ജനതകൾക്കും സുവിശേഷമായ യേശുവിന്റെ പ്രതിരൂപങ്ങളാണ് (ലൂക്കാ 24,47; മത്താ 28,19). ലൂക്കായിൽ യോനായുടെ അടയാളം എന്നത് ദൂരെനിന്നു വരുന്ന ഒരു പ്രവാചകന്റെ അനുതാപത്തിനുള്ള ആഹ്വാനത്തെയാണ് ഓർമപ്പെടുത്തുന്നതെങ്കിൽ മത്തായിയിലാകട്ടെ, യേശുവിന്റെ മരണത്തെയും ഉത്ഥാനത്തെയുമാണ് സൂചിപ്പിക്കുന്നത് (മത്താ 12,38-42).

**11,44: അടയാളപ്പെടുത്താത്ത കുഴിമാടങ്ങൾപോലെ:** മരിച്ചവരെ സ്പർശിക്കുന്നതും മനുഷ്യരുടെ അസ്ഥികളോ കുഴിമാടങ്ങളോ സ്പർശിക്കുന്നതും യഹൂദർക്കു നിഷിദ്ധമാണ് (സംഖ്യ 19,16). നിയമത്തിൽ ബദ്ധശ്രദ്ധരായ ഫരിസേയർതന്നെ തിരിച്ചറിയാനാകാത്ത കുഴിമാടങ്ങൾ പോലെ അശുദ്ധിയുടെ ഉറവുകളായിത്തീർന്നു. അവരുടെ ആചാരാധിഷ്ഠിതമായ ഭക്തി ജനങ്ങളെ ദൈവരാജ്യത്തിൽനിന്ന് അകറ്റിനിറുത്തി.

**11,45: നിയമജ്ഞർ:** മർക്കോ 2,6.

**11,51: ആബേലിന്റെ രക്തം ... സഖറിയായുടെ രക്തം:** ഉത്പ 4,8-ലാണ് പഴയനിയമത്തിലെ ആദ്യകൊലപാതകം രേഖപ്പെടുത്തിയിട്ടുള്ളത്. സഖറിയാ കൊല്ലപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുള്ളതാകട്ടെ, 2 ദിന 24,20-22-ലാണ്. മത്താ 23,35.

**12,5: നരകം:** അക്ഷരാർഥത്തിൽ ഗെഹെന്ന. മത്താ 5,22; 10,28. മർക്കോ 9,43.

**12,6: രണ്ടു നാണയത്തുട്ടുകൾ:** റോമൻ ചെമ്പുനാണയമായ അസ്സാറിയോണിന്റെ (ലത്തീൻ ഭാഷയിൽ 'അസ്') മൂല്യം ഒരു ദനാറയുടെ പതിനാറിൽ ഒന്നു മാത്രമാണ്. 7,41.

**12,7: തലമുടിയിഴപോലും:** ദൈവത്തിൽ നിന്ന് ഒന്നും മറഞ്ഞിരിക്കുന്നില്ല (സങ്കീ 139,1-6). ഒരു സഹനവും അവിടന്ന് ശ്രദ്ധിക്കാതെ പോകുന്നില്ല (21,18; അപ്പ 27,34).

**12,10: പരിശുദ്ധാത്മാവിനെതിരേ ദൂഷണം:** ആദിമസഭയിൽ ഉണ്ടായ ആത്മാവിന്റെ വെളിപ്പെടുത്തലുകൾ - പ്രബോധനങ്ങളോ അടയാളങ്ങളോ - നിരാകരിക്കുന്നവർ തങ്ങൾക്കെതിരേയല്ല, പരിശുദ്ധാത്മാവിനെതിരേയാണ് മല്ലടിക്കുന്നത് എന്ന സഭയുടെ ധാരണ ഇവിടെ കാണാം (അപ്പ 5,3; 7,51; cf. 5,32; 15,28).

**12,19: തിന്നുക, കുടിക്കുക, ആഹ്ലാദിക്കുക:** ലൗകികസന്തോഷങ്ങളിലും സുഖങ്ങളിലും മുഴുകുക (തോബി 7,9; സഭാ 8,15; ഏശ 22,13).

**12,20: ഭോഷൻ:** ദൈവത്തെയും അവിടത്തെ നിയമത്തെയും അവഗണിക്കുന്നവൻ (സങ്കീ 14,1; 53,1; സുഭാ 1,7).

**12,21: ദൈവത്തിലേക്കു സമ്പന്നനാകാതെ:** ചലനാത്മകത സൂചിപ്പിക്കുന്ന 'എയ്സ് ഥെയോൺ പ്ലൂത്തോൺ' എന്ന ഗ്രീക്കുപ്രയോഗമാണ് ഇവിടെയുള്ളത്. ദൈവാശ്രയത്വവും നിർമമത്വവും ഒരുവനെ സ്വർഗീയനിക്ഷേപത്തിൽ സമ്പന്നനാക്കുന്നു.

**12,25:** ആയുസ്സിന്റെ സമയം എന്ന ആശയത്തെ ഉയരം എന്നും വ്യാഖ്യാനിക്കാം.

**12,38: രണ്ടാം യാമത്തിലോ ... മൂന്നാം യാമത്തിലോ:** രാത്രി 10 മണിക്കും സൂര്യോദയത്തിനുമിടയ്ക്ക്. റോമാക്കാർ രാത്രിയെ നാലു യാമങ്ങളായി വിഭജിച്ചു (മർക്കോ 13,35). എന്നാൽ യൂഹദരാകട്ടെ, മൂന്നായും (ന്യായാ 7,19).

**12,39:** അവൻ ഉണർന്നിരിക്കുകയും തന്റെ വീടു കുത്തിത്തുറക്കാൻ ... എന്നു ചില കൈയെഴുത്തുപ്രതികളിൽ.

**12,49: തീ:** വ്യത്യസ്ത സൂചനകൾ നല്കുന്ന ഒരു പ്രതീകം: 1. ദൈവത്തിന്റെ സാന്നിധ്യത്തിന്റെയും സ്നേഹത്തിന്റെയും (പുറ 3,2; അപ്പ 2,3); 2. പാപികളുടെമേലുള്ള ദൈവത്തിന്റെ വിധിയുടെ (ഉത്പ 19,24; ലേവ്യ 10,2; നിയ 4,24; മത്താ 22,7); 3. ദൈവികവിശുദ്ധീകരണത്തിന്റെ (ജറെ 23,29; ലൂക്കാ 3,16; 1 പത്രോ 1,7); 4. ദൈവികതീക്ഷ്ണതയുടെ (ജറെ 20,9; പ്രഭാ 48,1).

**12,50: സ്നാനം:** യേശുവിന്റെ പീഡാനുഭവത്തിന്റെ സൂചന. അവിടന്ന് സഹനത്തിലും മരണത്തിലും നിമഗ്നനാകുകയും പുതുജീവനിലേക്ക് ഉയിർക്കുകയും ചെയ്യും (മർക്കോ 10,38; റോമ 6,4).

**12,59: അവസാനത്തെ തുട്ടുവരെ:** ഗ്രീക്കുഭാഷയിൽ 'ലെപ്റ്റോൺ' (ഏറ്റവും ചെറിയ നാണയത്തുട്ട്). മത്താ 5,26-ൽ 'കൊദ്രാന്തെസ്' എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്.

**13,1:** ഈ സുവിശേഷത്തിനുപുറത്ത് ഗലീലിയക്കാരുടെ വധത്തെക്കുറിച്ചു സൂചനകളില്ല. എന്നാൽ യഹൂദചരിത്രകാരനായ ജോസേഫൂസിന്റെ വിവരണത്തിൽനിന്നു നാം ഗ്രഹിക്കുന്ന പീലാത്തോസിന്റെ സ്വഭാവമനുസരിച്ച് ഇത്തരമൊരു വധം നടന്നിരിക്കാൻ സാധ്യതയുണ്ട്. ഗെരിസിം മലയിൽവച്ച് സമരിയാക്കാരുടെ ഒരു മതസമ്മേളനത്തിനെത്തിയവരെ പീലാത്തോസിന്റെ കല്പനപ്രകാരം വധിച്ചതായി പറയുന്നു (ജോസേഫൂസ്, *ആന്റിക്വിറ്റീസ്* 18, 4, 1.86-87). മറ്റൊരു സന്ദർഭത്തിൽ, ജറുസലേമിൽ ഒരു ജലവിതരണക്കുഴൽ നിർമിക്കാനായി ദേവാലയഭണ്ഡാരത്തിൽ നിന്നു പണമെടുത്ത പീലാത്തോസിനെതിരേ കലാപത്തിനൊരുങ്ങിയ യഹൂദരും വധിക്കപ്പെട്ടതായി അദ്ദേഹം വിവരിക്കുന്നുണ്ട് (ജോസേഫൂസ്, *വാർസ്* 2, 9, 4.175-177; ജോസേഫൂസ്, *ആന്റിക്വിറ്റീസ്* 18, 3, 2.60-62).

**14,1-6:** 13,10-17.

**14,1: ഒരു സാബത്ത്:** യേശു സാബത്തിൽ രോഗശാന്തി നല്കുന്ന 5 സംഭവങ്ങൾ ലൂക്കാ വിവരിക്കുന്നുണ്ട് (4,31-35; 38.39; 6,6-11; 13,10-17).

**14,5: നിങ്ങളുടെ പുത്രനോ കാളയോ:** പുത്രൻ എന്നതിനു പകരം കഴുത എന്ന് ചില കൈയെഴുത്തുപ്രതികളിൽ കാണുന്നു. പുത്രനോ

കാളയോ എന്ന പ്രത്യേക പ്രയോഗം വിചിത്രമായതിനാലാകാം ഈ വ്യത്യസ്ത ഭാഷ്യം. 13,15-ലും ഈ പ്രയോഗമുണ്ട്.

**14,16: ഒരു വലിയ സദ്യ:** പുതിയഉടമ്പടി ഉറപ്പുനല്കുന്ന ആനന്ദത്തിന്റെയും അനുഗ്രഹങ്ങളുടെയും ഒരു പ്രതീകം (cf. ഏശ 25,6-9; വെളി 19,9). ദൈവത്തോടോ മനുഷ്യരോടോ ഉള്ള ഉടമ്പടിയൈക്യത്തിന്റെ സൂചന എന്ന നിലയിൽ (ഉത്പ 26,28-31; 31,44-54; പുറ 24,9-11; 2 സാമു 3,20.21) വിരുന്നുകൾക്ക് ബൈബിൾകാലഘട്ടത്തിൽ വലിയ പ്രാധാന്യമുണ്ടണ്ടായിരുന്നു.

**14,26: സ്വന്തം പിതാവിനെയും ... വെറുക്കാതെ:** രണ്ടുപേർ തമ്മിലുള്ള താരതമ്യത്തിന്റെ പശ്ചാത്തലത്തിലാണ് LXX-ൽ 'മീസെയോ' എന്ന ഗ്രീക്കുക്രിയാപദം ഉപയോഗിക്കപ്പെട്ടിരിക്കുന്നത് (ഉത്പ 29,31: ലെയാ-റാഹേൽ; മലാ 1,3: ഏസാവ്-യാക്കോബ്). കുറച്ചു സ്നേഹിക്കുക എന്നർഥമാണ് ഇവിടെയുള്ളത്. ക്രിസ്തുശിഷ്യത്വത്തിനുമുമ്പിൽ കുടുംബത്തിനു രണ്ടാംസ്ഥാനമേയുള്ളൂ (9,59-62; മത്താ 10,37).

**15,8: പത്തുനാണയം:** അക്ഷരാർഥത്തിൽ, പത്തു ദ്രാക്മാ. ദ്രാക്മാ എന്നത് ഒരു ഗ്രീക്കുവെള്ളിനാണയമാണ്.

**15,15: പന്നികളെ തീറ്റാൻ:** അശുദ്ധവും നിഷിദ്ധവുമായ മൃഗം (ലേവ്യ 11,7). വിജാതീയനായ ഒരു ഉടമസ്ഥനു കീഴിൽ ജോലി ചെയ്യുകയെന്നാൽ സാബത്തുലംഘനത്തിനും തയ്യാറാകുക എന്നാണർഥം (പുറ 20,8-11).

**15,20: കെട്ടിപ്പിടിച്ചു:** ഗ്രീക്കുഭാഷയിൽ 'കഴുത്തിലേക്കു വീഴുക' എന്നർഥമുള്ള പ്രയോഗമാണ് ഇവിടെ. പൂർവപിതാക്കന്മാരുടെ പുനഃസമാഗമവേളകളെ അനുസ്മരിപ്പിക്കുന്നതാണു പിതാവിന്റെ പ്രവൃത്തികൾ (ഉത്പ 33,4; 45,14; 46,29).

**15,21:** നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നോടു വർത്തിക്കണമേ എന്നുകൂടി ചില കൈയെഴുത്തുപ്രതികളിലുണ്ട്.

**15,22: മേലങ്കി ... മോതിരം:** ബഹുമതിയുടെയും അധികാരത്തിന്റെയും ചിഹ്നങ്ങൾ (ഉത്പ 41,42; എസ്തേ 3,10; 1 മക്ക 6,15). **ചെരിപ്പ്:** ദാസർ നിഷ്പാദുകരായിട്ടാണു നടന്നിരുന്നത്. ചെരിപ്പ് അണിയിക്കുകവഴി സമ്പൂർണ പുത്രത്വത്തിലേക്കാണ് പിതാവ് ധൂർത്തനെ ഉയർത്തുന്നത്.

**16,6: നൂറു ബത്ത് എണ്ണ:** ഏകദേശം 800 ഗ്യാലൻ. കാര്യസ്ഥൻ അമ്പതു ശതമാനം കടം ഇളവു ചെയ്തു.

**16,7: നൂറു കോർ ഗോതമ്പ്:** ഏകദേശം 1000 പറ. കടം ഇരുപതു ശതമാനം ഇളവു ചെയ്തു.

**16,20: ലാസർ:** ഉപമകളിൽ പൊതുവേ കഥാപാത്രങ്ങൾക്കു പേരു കാണാറില്ല. എലിയേസർ എന്നതിന്റെ ചുരുക്കരൂപമാണ് ലാസർ. 'ദൈവം സഹായം' എന്നാണർഥം.

**16,22: അബ്രാഹത്തിന്റെ മടിയിൽ:** വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ മടി വിശ്വാസീസമൂഹത്തിന്റെ നിത്യമായ കുടുംബബന്ധത്തെ സൂചിപ്പിക്കുന്നു (3,8; ഏശ 51,2).